നം.കെഎസ്എ.കെടിഎം.പി.13/1018/2019 തീയതി 24.08.2019

# കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ **കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ** ധനകാര്യപത്രിക ഓ വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-01-2019 മുതൽ 31-05-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **26** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **20** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പരാമർശങ്ങൾ 05.07.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾ ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്ത അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്.,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.06.2019 മുതൽ 05.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ആൽബിൻ സിറിയക് | ഓഡിറ്റർ |

### ബി)നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ലിസ്സി എബ്രഹാം | 1.04.2018 മുതൽ 26.07.2018വരെ |
| | ശ്രീമതി ഷൈബി മാത്യു | 21.08.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ. ശ്രീകുമാർ എസ്.കൈമൾ | 1.04.2018മുതൽ 01.07.2018 വരെ. |
| | ശ്രീ. രാജീവ് എസ്. | 02.07.2018 മുതൽ 31.03.2019വരെ |

### സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ബാബുരാജ് ഡി. | 01.04.18മുതൽ31.03.19വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.എം. വിജിമോൾ | 01.04.18മുതൽ31.03.19വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി ലീലാമ്മ ജോസഫ് | 01.04.18മുതൽ 31.3.19 വരെ |
| വി.ഇ.ഒ | ശ്രീമതി ജെസ്സിൽ കെ.എച്ച്. | 01.04.18മുതൽ31.03.19വരെ |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | ഡോ.സിജി വർഗ്ഗീസ് | 01.04.18 മുതൽ31.03.19 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.സിസിലി മൈക്കിൾ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.ഗീത ഡി. | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജൊവാൻസി മാത്യു | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി. | ശ്രീമതി ദീപ കൃഷ്ണൻകുട്ടി | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.വിജി വിശ്വനാഥ് | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സോണി.സി.ഹരിബാൽ | 01.04.18 മുതൽ 31.03.18 വരെ |

ഉള്ളടക്കം

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് - വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണസംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടന്നതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു. |
| 2-2 | ഇ-വെയിസ്റ്റ് നിർമ്മാർജ്ജനത്തിൽ നിന്നുള്ള വരവു ലഭ്യമായിട്ടില്ല. |
| 2-3 | റീകൺസിലിയേഷൻ പത്രികകളിലെ 'ഡയറക്ടിലി ഡെബിറ്റഡ് ബൈ ബാങ്ക്' എന്ന ശീർഷകത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 2-4-1 | വസ്തു നികുതി |
| 2-4-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി |
| 2-5-1 | ബി.എസ്.എൻ.എൽ - സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-5-2 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-6-1 | വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല. |
| 2-6-2 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല |
| 2-7-1 | വാടക കിഴിവ് അനുവദിച്ചതിലെ അപാകതകൾ |
| 2-7-2 | വാടക ഈടാക്കിയിട്ടില്ല |
| 2-7-3 | വാടക-കരാർലംഘനം ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല |
| 2-8 | ലേലം- കമ്മറ്റി തീരുമാനങ്ങളുടെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 2-9 | ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല |
| ഭാഗം 3 - ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഷോപ്പിംഗ് കോംപ്ലക്സ് കം ബസ് സ്റ്റാന്റ് നിർമ്മാണം - കൺസൾട്ടൻസി ഫീ ഇനത്തിൽ 11.75ലക്ഷം ചെലവഴിച്ചിട്ട് 3 വർഷം – നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 3-2 | വിമുക്തി ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി നടത്തിപ്പിലെ അപാകതകൾ |
| 3-3 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-4 | തുമ്പൂർമൂഴി മാതൃകയിലുള്ള എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 3-5 | പൊതുശൗചാലയ സമുച്ചയം -പ്രവർത്തനസജ്ജമായിട്ടില്ല |
| 3-6 | മെറ്റീരിയൽ റിക്കവറി സെന്റർ-പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| | |

| | |
|---|---|
| 3-7 | വാലേപ്പടി അങ്കണവാടി മെയിന്റനൻസ് (വാർഡ് 3 ) - പിഴ ഈടാക്കിയിട്ടില്ല - അളവുകൾ കുറവ് ചെയ്തില്ല |
| 3-8 | റോഡ് ടാറിങ്ങ് പ്രവൃത്തികൾ--ബാരൽ വില ഈടാക്കിയില്ല |
| 3-9 | റോഡ് ടാറിങ്ങ് പ്രോജക്ട് - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല |
| 3-10 | ആശ്രയ പദ്ധതി - 14,27,911/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 3-11 | പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 3-12 | ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഉപകരണങ്ങളുടെ വിതരണ വിവരം ലഭ്യമായില്ല |
| 3-13 | പശുവളർത്തൽ (പട്ടികവർഗ വിഭാഗം)-രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-14 | കന്നുകുട്ടി പരിപാലനം-വിനിയോഗവിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു. |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |

## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ് -വിശകലനം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.02.2018 തീയത 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 28.02.2019-ൽ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വ ധനകാര്യപത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 2161512/- | 16581689.98/- |
| വരവ് | 130205000/- | 58112070/- |
| ആകെ | 132366512/- | 74693759.98/- |
| ചെലവ് | 130125917/- | 48415673/- |
| നീക്കിയിരിപ്പ് | 2240595/- | 26278086.98/- |

ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവുചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വ്യതിയാനമുണ്ടെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാ തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവു കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്ര ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2019 ആണ്. കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 201 വാർഷിക ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 29.04.2019-ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അംഗ മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്‌വെയർ ഓൺലൈനായും തപാലിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിന്റെ വിവരം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്ക 24.05.2019, 25.05.2019 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 04.0 ലെ കെ.എസ്.എ.കെ.ടി.എം.പി.13/738/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖ 1-12-ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മു വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 16581689.98/- |
| വരവ് | 58112070/- |
| ആകെ | 74693759.98/- |
| ചെലവ് | 48415673/- |
| നീക്കിയിരിപ്പ് | 26278086.98/- |

## 1-5 ഫണ്ട് വിനിയോഗം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാ ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | ചെലവ % |
|---|---|---|---|---|---|---|
| വികസനഫണ്ട്- പൊതുവിഭാഗം | 0 | 13162000/- | 13162000/- | 12053915/- | 1108085/- | 91.58 |
| വികസനഫണ്ട് -എസ്.സി.പി. | 0 | 3525000/- | 3525000/- | 2345224/- | 1179776/- | 66.53 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 64000/- | 64000/- | 50000/- | 14000/- | 78.13 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 8213000/- | 8213000/- | 4681922/- | 3531078/- | 57 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 3147000/- | 3147000/- | 2551371/- | 595629/- | 81.07 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7907693/- | 7907693/- | 4216362/- | 3691331/- | 53.32 |

| | | | | | | |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 1933/- | 215538/- | 217471/- | 215210/- | 2261/- | 98.96 |
| ഐ.സി.ഡി.എസ്.(ICDS) | 297009/- | 474334/- | 771343/- | 463566/- | 307777/- | 60.09 |
| സംയുക്ത പ്രോജക്ട്(ബ്ലോക്ക്) | 113200/- | 4051987/- | 4165187/- | 1425038/- | 2740149/- | 34.21 |
| സംയുക്ത പ്രോജക്ട് (ജില്ല) | 824089 | 3669016/- | 4493105/- | 1269016/- | 3224089/- | 28.24 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ ന നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാന ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം 87,48,593/- രൂപ ജനറൽ പർപ്പസ് ഫണ്ടായി ലഭിച്ചിട്ടുണ്ട്. അക്കൗണ്ടിലൂടെയാണ് തനത് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

വിവിവധയിനം ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ വികസന ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംരക്ഷണഗ്രാന്റ് (റോഡ്/നോൺ റോഡ്) എന്നീ ഇനങ്ങളിൽ മാത്രം 1.01 കോട വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. ഇതിൽ ഭേദഗതി കൂടാതെ തുടരുന്ന സ്പി പ്രോജക്ടുകൾക്കായി ക്യാരിഓവർ വിഹിതം സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. ആയതിനാൽ ഫലത്തിൽ 1.01 കോ ആത്യന്തികമായി നഷ്ടപ്പെട്ടു. വികസനപ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകയുടെ വിനിയോഗത്തിലെ കുറവ് മൂലമുള്ള അപരിഹാര്യമായതിനാൽ അത്തരം നഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 14.03.2018 ലെ ഉത്തര 490/18/ DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക

| | |
|---|---|
| സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം | 06/02/2018 |
| ആസൂത്രണസമിതി യോഗം | 07/02/2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 07/02/2018 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 18/02/2018 |
| വികസനസെമിനാർ | 12/02/2018 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 7,53,73,047/- രൂപയും ആകെ ചെലവ് 3,34,10,301/- രൂപ ചെലവുശതമാനം 44.32%. അംഗീകാരം ലഭിച്ച 187 പ്രോജക്ടുകളിൽ 119 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 6 | 6 | 3449000 | 1323667 | 38 |
| 2. | വെറ്ററിനറി സർജൻ | 11 | 11 | 4436000 | 3059400 | 69 |
| 3. | മെഡിക്കൽ ഓഫീസർ -PHC | 5 | 4 | 1195000 | 1126367 | 94 |
| 4. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| 5. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 750000 | 750000 | 100 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 11 | 8 | 12374700 | 8675356 | 70 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 3369800 | 3093387 | 92 |
| 8. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 25 | 15 | 8435017 | 3034889 | 36 |
| 9. | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 6 | 6 | 1401325 | 1277316 | 91 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 108 | 56 | 38996855 | 10171919 | 26 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 600000 | 100 |
| 12. | അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 215350 | 148000 | 69 |
| | **ആകെ** | **187** | **119** | **75373047/-** | **33410301/-** | **44.32** |

2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നട പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും സമഗ്രവി എന്ന കാഴ്ചപ്പാട് പുലർത്താൻ പൂർണ്ണമായും സാധിച്ചിട്ടില്ലെന്ന് കാണുന്നു. സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിൽ ത അലംഭാവം പുലർത്തിയതായി കാണുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം 53% മാത്രമാണ് തൻവർഷം ചെലവ കൂടാതെ റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗം വെറും 57% മാത്രമാണ്. വിശ്രാന്തി ശ്മശാന പദ്ധതി ഉൾപ്പടെയുള്ള ന

പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളുടെ 40% തുക പോലും തൻ ചെലവഴിക്കാനായില്ല. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ പഞ്ചായത്ത്, പാമ്പാടി പഞ്ചായത്ത്, കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി ലഭിച്ച 43 ലക്ഷം ( ലക്ഷം + 20 ലക്ഷം + 3 ലക്ഷം) വിനിയോഗിക്കപ്പെടാതെ അവശേഷിക്കുകയാണ്. നിർവ്വഹണ ഉദ്യോഗ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം പല നിർ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ച നിർവ്വഹണഉദ്യോഗസ്ഥനായി തയ്യാറാക്കിയ 108 പ്രോജക്ടുകളിൽ 56എണ്ണം മാത്രമാണ് (ചെലവ് ശതമാനം 26%) തൻ നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ടനിർദ്ദേ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു.

ടിഎസ്പി വിഹിതം ഗ്രാമപഞ്ചായത്തിന് ആവശ്യമില്ലായെന്നും ഗ്രാമപഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ മാത്രമേയുള്ളുവെന്നും അവർക്ക് പഞ്ചായത്ത് പ്രദേശത്ത് സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവരും അവരുടെ സ്വദേശ ഭൂമിയുള്ളവരുമാണെന്നുമുള്ളതിനാൽ 2019-20 വർഷം മുതൽ ഗ്രാമപഞ്ചായത്തിന് ടി എസ് പി വിഹിതം ആവശ്യമില്ല സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ 15-01-2019 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്

(തീരുമാനം നം. 6(1)).

വർക്കിങ്ങ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. അംഗീകാരം നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാ നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്ര നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>വികസനകാര്യം</u>

വർക്കിങ്ങ് ഗ്രൂപ്പ് രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള നടപടിക്രമങ്ങൾ ഫലപ്രദമാക്കുവാൻ ഇടപെ നടത്തിയിട്ടുണ്ട്. 2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധ പദ്ധതികളുടെ പു വിലയിരുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചിരുന്നില്ല എന്ന് വ്യക്തമാകുന്നു. മാരമത്ത് പ്രവർത്തികൾ തയ്യാറാക്കിയിരുന്ന 52 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം ആകെ പദ്ധതി ചെലവ് ശതമാനത്തിലും ഗ കുറവ് സംഭവിച്ചിട്ടുണ്ട്.

<u>ധനകാര്യം</u>

ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവു കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. പഞ്ച തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ശ്ലാഘനീയമായ നട ഉണ്ടായിട്ടുണ്ട്.

<u>ആരോഗ്യം/വിദ്യാഭ്യാസം</u>

പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു. വർ ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം, ഹരിത കർമ സജ്ജമാക്കൽ തുടങ്ങി അനേകം പദ്ധതി നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു.

<u>ക്ഷേമകാര്യം</u>

വിവിധ ക്ഷേമപെൻഷനുകളുടെ അംഗീകാരം നൽകലിൽ മാത്രമാണ് ക്ഷേമകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പ്രവർത്തനമുള കാണുന്നത്. പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട ശുപാർശകളൊന്നും നൽകിയിരുന്നില്ല. ബന്ധപ്പെട്ട വർ ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല.

# 1-7 തൊഴിലുറപ്പുപദ്ധതി അവലോകനം

തൊഴിലുറപ്പ പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡു തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 201 സാങ്കേതിക അനുമതി ലഭിച്ച 81 പ്രോജക്ടുകളിൽ 58 എണ്ണം മാത്രം തൻവർഷം നടപ്പിലാക്കി. 2018-19 വർഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 804 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 6 കുടുംബങ്ങൾക്ക് 100 തൊഴിൽ ദി ലഭിച്ചു. മഴക്കുഴി നിർമ്മാണം, വയൽ-തരിശുഭൂമി കൃഷിയോഗ്യമാക്കൽ, നേഴ്സറി നിർമ്മാണം, ഫലവൃക്ഷ വെച്ച്പിടിപ്പിക്കൽ, ലൈഫ് ഭവനനിർമ്മാണം അവിദഗ ജോലികൾ നിർമ്മാണം, എന്നിങ്ങനെയുള്ള പ്രോജക്ടു

തൻവർഷം നടപ്പാക്കിയത്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2018-19 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 1933/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 9194796/- | 9410334/- |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 215538/- | |
| ആകെ | | | 9412267/- |
| ചെലവ് | തൊഴിലാളികളുടെ വേതനം | 9176892/- | 9360706/- |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 17904/- | |
| | ഉപകരണങ്ങളുടെ വില, വാടക | - | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 165910- | |
| നീക്കിയിരിപ്പ് | | | 2261/- |

# 1-8 സാമൂഹ്യക്ഷേമപദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 5 | 11520/- |
| കർഷകതൊഴിലാളി പെൻഷൻ | 156 | 603200/- |
| വിധവാപെൻഷൻ | 453 | 1948400/- |
| വാർദ്ധക്യകാലപെൻഷൻ | 1371 | 6219200/- |
| വികലാംഗപെൻഷൻ | 235 | 1047200/- |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 39 | 161200/- |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1 | 30,000/- |
| നെല്ലുല്പാദക ഇൻസെന്റീവ് | | 70000/- |

# 1-9 ക്യാഷ് പരിശോധന

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2019 തീയ 03:30 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 22406/ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. സെക്രട്ടറി നിർവ്വഹണം ന പ്രോജക്ട് ഫയലുകൾ പ്രത്യേകമായി അടുക്കി സൂക്ഷിച്ചിരുന്നില്ല. ഗ്രാമപഞ്ചായത്ത് കമ്മറ്റിയെടുക്കുന്ന തീരുമാ നടപ്പാക്കുന്നതിൽ അലംഭാവം വന്നിട്ടുണ്ട്. സെക്രട്ടറി ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഒ പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെ നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യ ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നട സ്വീകരിക്കുന്നുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ . പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വച്ച് ആരംഭിച്ച പ്രവ

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വ ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന കരുതുവാൻ സാധിക്കുന്നില്ല (ഉദാ- പൊതുശൗചാലയം നിർമ്മാണം).

# 1-11 മറ്റ് ഓഡിറ്റുകൾ നടന്നതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.02.2019 | 01/19 വരെ | 1202/13-01-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.05.15 | 2010-11 മുതൽ 2014-15 വരെ | എൽ.ബി.എ.(എച്ച്.ക്യൂ.)/I/LBAXIV |

# 1-12 വാർഷിക കണക്കുകളുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചേർക്കുന്നു.

1.26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമാ അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2019-ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4.ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

| ശീർഷകം | വിവരണം | തുക |
|---|---|---|
| 320100115 | സമ്പൂർണ്ണ ശുചിത്വ മിഷൻ | 1,14,000 |
| 320200319 | ഖരമാലിന്യ പരിപാലനം ഗ്രാന്റ് | 2,14,786 |

320400101-നബാർഡ് ധനസഹായം 12,24,000/- രൂപ പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് അടവാക്കാനുള്ളതാണ്. ആയത് ബാധ്യതാ ഹെഡിൽ നിന്നും മാറ്റാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5.ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ 340800101- Deposit Recieved from Others എന്ന ശീർഷകത്തിൽ ബാദ്ധ്യ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

6.ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല

| ശീർഷകം | വിവരണം | തുക |
|---|---|---|
| 350300108 | റോയൽറ്റി | 5,000 |
| 350410101 | വസ്തുനികുതി – അഡ്വാൻസ് | 7,307 |

7.ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ കൃ ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല

7.

| ശീർഷകം | വിവരണം | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 460100199 | അദർ അഡ്വാൻസ് | 5,900 |
| 460509901 | അഡ്വാൻസ് ടു അദേഴ്സ് | 2,28,176(*) |

(*) ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാക്കി തുകയുടെ (5,51,275) വിശദാംശം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

8.സേവന സോഫ്റ്റ്‌വെയർ പ്രകാരം തൻവർഷം വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 62,19,200/- രൂപ വരവും ചെല എന്നാൽ ഇത് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

9.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)(എച്ച്) പ്രകാരം തൻവർഷ കുടിശിക തുകകൾക്ക് ഇ എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരമുള്ള പ്രൊ രേഖപ്പെടുത്താത്തതിനാൽ കണക്കാക്കപ്പെട്ട വർഷാവസാനമിച്ചം (surplus) കൃത്യമല്ല.

10. പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി B-11 - fixed asset ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടി അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ ര വരവുവെയ്ക്കേണ്ടതാണെന്ന് 2011ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെ ആയത് പാലിച്ചിട്ടില്ല. 31.05.19-ൽ നടത്തിയ വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പത്രികകൾ പ്രകാരം ര അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|
| 1 | തനത് ഫണ്ട്- കോപ്പറേറ്റീവ് ബാങ്ക് (നം 0723000001185) | 359 തീയതി 16.02.19 | 11000 രൂപ |
| 2 | റിലീഫ് ഫണ്ട് കോപ്പറേറ്റീവ് ബാങ്ക് (നം 450430103) | 1000 തീയതി 15.02.19 | 1000 രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24 തീയതി 04.07.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ര ചേയ്യേണ്ടതുമാണ്.

## 2-2 ഇ-വെയിസ്റ്റ് നിർമ്മാർജ്ജനത്തിൽ നിന്നുള്ള വരവു ലഭ്യമായിട്ടി

തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 10.10.14 തീയതിയിലെ സ.ഉ(സാധാ)2612/14 പ്രകാരം ഇലക്ട്രോ മാലിന്യങ്ങൾ കിലോഗ്രാമിന് 5/- രൂപ നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കേണ്ടതാണ്. പ്രകാരം 09.11.18 തീയതിയിൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ വച്ച് 246 കിലോഗ്രാം ഇലക്ട്രോണിക് മാലി എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് (ക്ലീൻ കേരള കമ്പനിയുടെ പിക് അപ് പാർട്ട്ണർ) എന്ന കമ ഏൽപ്പിച്ചു (എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡിന്റെ 09.11.18 തീയതിയിലെ 592 നമ്പർ രസീത് പ്ര എന്നാൽ ഈയിനത്തിൽ ലഭ്യമാകേണ്ട 1230 രൂപ (246x5) വരവ് വന്നതായി കാണുന്നില്ല. ആയതിന് വിശദീ ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/01.07.19) തുക ലഭ്യമാക്കുന്നതിന് ബാങ്ക് അക്കൗണ്ട് വിവരങ്ങ കേരളയ്ക്ക് കൈമാറിയിട്ടുണ്ടെന്നും തുക നാളിതുവരെ ലഭ്യമായിട്ടില്ലയെന്നും അറിയിച്ചു. പ്രസ്തുത തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 റീകൺസിലിയേഷൻ പത്രികകളിലെ 'ഡയറക്ടിലി ഡെബിറ്റഡ് ബൈ ബാങ്ക്' എന്ന ശീർഷകത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 2019 ഏപ്രിൽ, മെയ് മാസങ്ങളിലെ റീകൺസിലേഷൻ പത്രികകൾ പരിശോധി താഴെ പറയുന്ന തുകകൾ ഡയറക്ടിലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ വന്നിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | തുക (രൂപ) | ഇൻസ്ട്രുമെന്റ് വിശദാംശങ്ങൾ |
|---|---|---|---|
| 1 | ട്രഷറി ടി.എസ്.ബി അക്കൗണ്ട് (നം.7080514000003) | 507995 | വൗച്ചർ തീയതി-01.04.19 |
| 2 | ഇ-പെയ്മെന്റ് എസ്.ബി.എെ | 7666 | വൗച്ചർ തീയതി-17.04.19 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (25/04.07.19) മറുപടി ലഭ്യമാക്കിയിട്ടില്ല . പ്രസ്തുത തു പിൻവലിക്കലുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 2-4-1 വസ്തു നികുതി

<u>എ)കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.</u>

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുവാനുള്ള തുകയുടെ വിവരം ചേർക്കുന്നു.

| | |
|---|---|
| റെസിഡൻഷ്യൽ കെട്ടിടങ്ങൾ | 2,56,184 രൂപ |
| നോൺ- റെസിഡൻഷ്യൽ കെട്ടിടങ്ങൾ | 7,83,827 രൂപ |
| ആകെ | 10,40,011 രൂപ |

കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതും പിരിവ് പുരോഗതിയുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

ബി) <u>നികുതി ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ - ചട്ടപ്രകാരമുള്ള വസ്തുനികുതി ചുമത്തേണ്ടതാണ്</u>

ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ നികുതി ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക ആയവയുടെ ഉപയോഗക്രമം പരിശോധിച്ച് ചട്ടപ്രകാരമുള്ള വസ്തുനികുതി ചുമത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

| വാർഡ് നം. / കെട്ടിട നം | സ്ഥാപനത്തിന്റെ / ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 4/45 | മദർ സുപ്പീരിയർ , വിസിറ്റേഷൻ കോൺവെന്റ് കിടങ്ങൂർ | ഗ്രൗണ്ട് ഫ്ലോർ - 112.5 ച.മീ<br>ഫസ്റ്റ് ഫ്ലോർ - 112.5 ച.മീ |
| 13/290 | മദർ സുപ്പീരിയർ, സായൂജ്യ വിസിറ്റേഷൻ കോൺവെന്റ്, കട്ടച്ചിറ | 538 ച.മീ |
| 1/198 | ട്രസ്റ്റി , കുടല്ലൂർ ചർച്ച് | 25 ച.മീ |
| 15/141 | ഫാ.അലക്സ് ചെട്ടിയാത്ത് | 30 ച.മീ., കെട്ടിടത്തിന്റെ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടില്ല. |

# 2-4-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി

എ) <u>വസ്തുനികുതി നിർണ്ണയിക്കാതെ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു</u>

ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ 26.83 ച.മീ വിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തിയ ഒരു ടവർ നിലവിലും നിർണ്ണയിക്കാതെയാണ് പ്രവർത്തിക്കുന്നത്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആകെ 13 മൊബൈൽ ടവ വസ്തുനികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.10.14 ലെ സർക്കുലർ നം. 40395/ആർസ് നിർദ്ദേശിക്കും പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്ന

സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല. അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽടവറുകൾ കണ്ടെത്തി ആയ വസ്തുനികുതി ഈടാക്കേണ്ടതും, മൊബൈൽ ടവറുകളുടെ അനുബന്ധ കെട്ടിടങ്ങളുടെ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി നിർണ്ണയിക്കേണ്ടതുമാണ്.

ബി) <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നു</u>

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധയിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈട അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1/401 | സബ് ഡിവിഷൻ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 4050 | 2011-12 മുതൽ കുടിശ്ശിക |
| 10/195A | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 5094 | 2017-18 രണ്ടാം അർദ്ധവർഷം, 2018-19 കുടിശ്ശിക |
| 14/576C | സബ് ഡിവിഷൻ എഞ്ചിനീയർ, ബി.എസ്.എൻ.എൽ., പാലാ | 4374 | 2016-17 മുതൽ കുടിശ്ശിക |
| 3/9A | സബ് ഡിവിഷൻ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 4896 | 2011-12 മുതൽ കുടിശ്ശിക |

കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

സി) <u>നികുതി നിർണ്ണയത്തിലെ അപാകത</u>

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 4/404 നമ്പർ വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡിന്റെ നിർമ്മിതിയുടെ വസ്തു നിർണ്ണയത്തിൽ കുറഞ്ഞതരം മേൽക്കൂരയുള്ള 10% നികുതി ഇളവ് കൂടി നൽകിയിട്ടുണ്ട് . യഥാർത്ഥ വിസ്തീർണ്ണം കണ അനർഹമായി അനുവദിച്ച ഇളവ് ഒഴിവാക്കി നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാ

# 2-5-1 ബി.എസ്.എൻ.എൽ. - സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്ഥാപനത്തിന്റെ 2018-19 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ബി.എസ്.എൻ.എൽ., കിടങ്ങൂ സ്ഥാപനത്തിൽ നിന്ന് ടേൺഓവറിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/0 സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള തുടർ നട സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ-ൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

# 2-5-2 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈൗടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക നിയോഗ ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ഈടാക്കിയിട്ടില്ലെന്നു ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധി നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | റിച്ച് ഫുഡ് പ്രോഡക്ട്സ് | 10 |
| 2 | രാംകോ സിമന്റ് ഗോഡൗൺ | 6 |
| 3 | രസം റസ്റ്റോറന്റ് | 8 |
| 4 | സൃഷ്ടി ബിൽഡേഴ്സ് ആന്റ് ഡെവലപ്പേഴ്സ് | 6 |
| 5 | മുണ്ടമറ്റം ഗ്ലാസ് ഹൗസ് | 6 |
| 6 | നെസ്റ്റ് ഇൻഡീരിയർ വർക്സ് | 5 |
| 7 | ഇടക്കാട്ടുതറയിൽ ബ്രിക്സ് | 30 |
| 8 | മുത്തൂറ്റിൽ ടിമ്പർ ഇൻഡസ്ട്രീസ് | 6 |
| 9 | ലിറ്റിൽ ലൂർദ്ദ് നേഴ്സിംഗ് ഹോസ്റ്റൽ | 4 |
| 10 | എൽ.എൽ.എം. ഹോസ്പിറ്റൽ ക്യാന്റീൻ | 9 |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ എൻക്വയറിക്ക് (26/04.07.19) പ്രസ്തുത സ്ഥാപന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയി ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 2-6-1 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല.

സംരംഭകത്വ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കി ഓരോ വർഷത്തെയും ലൈസൻസ് അപേക്ഷാ രജിസ്റ്റർ മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നത്. ലൈസൻസ് പ്രകാരം തൻവർഷം 334 സ്ഥാപനങ്ങളാണ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1279 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 129 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 79 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 13 |
| ഓഫീസ് ആവശ്യം | 40 |
| വ്യവസായാവശ്യത്തിനുള്ള -കൈത്തറിഷെഡ്, കയർപിരിഷെഡ് | 27 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 54 |
| എം.എസ്.എം.ഇ. | 24 |
| ആകെ എണ്ണം | 1645 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 1645 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 334 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യ സ്ഥാപനങ്ങളെയും സംരംഭകത്വ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത ട്രെയ്ഡേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-6-2 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള 1996ലെ പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് ന ചട്ടങ്ങളോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടിക I പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളും ര പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത റേഷൻ കടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-7-1 വാടക കിഴിവ് അനുവദിച്ചതിലെ അപാകതകൾ

പാലാ പിഡബ്ല്യുഡി കെട്ടിടവിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.09.18 തീയതിയിലെ NO03/AEE/ 2018-19 വാടക നിർണ്ണയ സാക്ഷ്യപത്രം പ്രകാരം പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന സബ് രജിസ്റ്റാർ ഒ കെട്ടിടത്തിന്റെ പ്രതിമാസ വാടക 8630 രൂപ ന്യായവിലയായി സാക്ഷ്യപ്പെടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ തീയതിയിലെ 14-ാം നമ്പർ തീരുമാനപ്രകാരം സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടത്തിന്റെ (നം14/472 ) പ്രതിമാസ വാട രൂപയായി കുറവ് ചെയ്ത് നിശ്ചയിച്ച് നൽകിയിരുന്നു. ഇതു പ്രകാരം ടി കെട്ടിടം 01.04.16 തീയതി മുതൽ 3 വർഷത്തേക്ക് രൂപ പ്രതിമാസ വാടകയിൽ) ഡിസ്ട്രിക്ട് രജിസ്ട്രാർക്ക് വാടകയ്ക്ക് നൽകുന്നതിന് 15.05.19 തീയതിയിൽ ലീസ് തയ്യാറാക്കിയിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ മുറിവാടക പി.ഡബ്ല്യു.ഡി നിശ്ച നിരക്കിൽ തന്നെ ഈടാക്കണമെന്നിരിക്കെ 14/472 നമ്പർ കെട്ടിടത്തിന്റെ മാസ വാടകയിൽ 2630/- രൂപ വരുത്തിയതിനാൽ ഓരോ സാമ്പത്തിക വർഷവും 31560/- രൂപ വീതം വാടകയിനത്തിൽ നഷ്ടം വരുന്നു. ഇതു സം നൽകിയ എൻക്വയറിക്ക് (11/02.07.19) മറുപടിയായി പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യത്തെ ക മുറിക്ക് മുൻകാലത്ത് ചുമത്തിയിരുന്ന വാടക പരിഗണിച്ചുമാണ് ടി ഇളവ് നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. പതിനായിരം മുകളിൽ കിഴിവനുവദിക്കുന്നതിന് മുൻപ് സർക്കാർ സാധൂകരണം വാങ്ങണമെന്നിരിക്കെ കമ്മറ്റി തീരുമാനം വഴി വാട കിഴിവനുവദിച്ച നടപടി ക്രമപ്രകാരമല്ല. കിഴിവ് അനുവദിച്ച നടപടിയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതും ഭാവിയിൽ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ കൂടി പരിഗണിക്കേണ്ടതുമാണ്.

## 2-7-2 വാടക ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിട കുത്തകക്കാരിൽ നിന്ന് 2018-19 വർഷത്തെ വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കുത്തകക്കാരൻ | മാസ വാടക (രൂപ) | കുടിശിക |
|---|---|---|---|---|
| | XIV/472 | ഡിസ്ട്രിക്ട് രജിസ്ട്രാർ | 6000 (15.1.19 ലെ 14 നമ്പർ തീരുമാന പ്രകാരം ടി കെട്ടിടത്തിന്റെ പ്രതിമാസ വാടക 01.04.16 മുതൽ 2000 രൂപയിൽ നിന്ന് 6000 ആയി ഉയർത്തി ) | 72000 രൂപ (12 മാസത്തെ വാടക) |
| | XIV/477 | കെ.എസ്.ഇ.ബി, കിടങ്ങൂർ | 5513 | 11026 രൂപ (ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (9/01.07.19, 11/02.07.19) വാടക ഈടാക്കുന്നതിനുള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ വാടക കുടിശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-7-3 വാടക-കരാർലംഘനം - ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചി

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 22.03.19 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായ ഉടമസ്ഥതയിലുള്ള 14/485 നമ്പർ മുറി വാടകക്കെടുത്ത ശ്രീ. തോമസ് പാറപ്പള്ളിയിൽ എന്നയാൾ മറ്റൊരാൾക്ക് വാടക മറിച്ചുകൊടുത്തു എന്ന പരാതി അന്വേഷിക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്ക

പഞ്ചായത്തിൽ നിന്ന് ശ്രീ. തോമസ് പാറപ്പള്ളിക്ക് കത്തു നൽകി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ തനിക്ക സാമ്പത്തിക പ്രശ്നങ്ങൾ വന്നതിനാൽ മറ്റൊരു വ്യക്തിക്ക് മെഡിക്കൽ ഷോപ്പ് നടത്തുവാൻ മുറി വിട്ടുകൊടുത്തത വർഷങ്ങൾക്ക് ശേഷം ജോജോ ജോസഫ് എന്നയാൾക്ക് ബ്യൂട്ടിപാർലർ നടത്താൻ വിട്ടുകൊടുത്തതായും പറയുന്നു. ജോസഫുമായി 15/12/2006 ൽ തയ്യാറാക്കിയ കരാറിന്റെ പകർപ്പും മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്ന് ഏ 16 വർഷത്തോളമായി ശ്രീ. തോമസ് പാറപ്പള്ളി മറ്റു വ്യക്തികൾക്ക് മുറി വാടകയ്ക്ക് നൽകിക്കൊണ്ടിരിക്കകയാ വ്യക്തമാണ്. പഞ്ചായത്തുമായി കുത്തകക്കാരുടെ കരാർ ഓരോ വർഷ വർഷവും പുതുക്കേണ്ടതാണ്. കുത്തകക്കാർ ബിനാമ നിന്ന് മുറി മറ്റ് വ്യക്തികൾക്ക് വാടകക്ക് നൽകിയത് വാടകകരാറിന്റെ ലംഘനമാണ്. പ്രസ്തുത വിവരം ശ്രദ്ധയിൽ ഗ്രാമപഞ്ചായത്ത് കരാറുകാരനെ ഒഴിപ്പിക്കുന്നതിനോ കരാർ ലംഘനത്തിന് പിഴ ഉൾപ്പടെ ഈടാക്കി പുനർലേലം നട ഉൾപ്പടെയുള്ള അനന്തരനടപടികൾ സ്വീകരിക്കുന്നതിനോ യാതൊരുനടപടിയും കൈക്കൊണ്ടിരുന്നില്ല. പ്രസ്തുത വിഷ വിശദമായ അന്വേഷണം നടത്തി തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 2-8 ലേലം - കമ്മറ്റി തീരുമാനങ്ങളുടെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വിവിധ മരങ്ങൾ ലേലം ചെയ്യുന്നതിനായി പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ കൈക്കൊ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കമ്മറ്റീ തീരുമാനത്തിന്റെ വിശദാംശങ്ങൾ | വിഷയം |
|---|---|---|
| 1 | 19.9.18 തീയതിയിലെ 9(1) നമ്പർ തീരുമാനം | 7-ാം വാർഡിൽ ആഞ്ഞിലി മരം വീണത്- ലേലം ചെയ്യുന്നത് സംബന്ധിച്ച് |
| 2 | 23.11.18 തീയതിയിലെ 11(1) നമ്പർ തീരുമാനം | 13-ാം വാർഡിൽ കട്ടച്ചിറ ഭാഗത്ത് നിന്ന വലിയ മരം ലേലം സംബന്ധിച്ച് |
| 3 | 01.10.18 തീയതിയിലെ 10 നമ്പർ തീരുമാനം | III,XIII വാർഡുകളിലെ ബദാം മരങ്ങൾ, V വാർഡിലെ ആഞ്ഞിലി മരം, XII വാർഡിലെ പത്ത് വൃക്ഷങ്ങൾ എന്നിവ വെട്ടി മാറ്റി ലേലം ചെയ്യുന്നത് സംബന്ധിച്ച തീരുമാനം |

എന്നാൽ ലേലം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ ടി മരങ്ങൾ നാളിതു വരെ ലേലം ചെയ്തതായി കാണ ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/02.07.19) മറുപടിയായി പ്രസ്തുത വിഷയത്തിൽ തുടർ നട സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരങ്ങൾ ലേലം സംബന്ധിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളുടെ തുടർ നട പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-9 ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിൽ ലഭ്യമായില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിന പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകക പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നമ്പർ സ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയി കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക മറുപടിയായി ഗ്രാമപഞ്ചായത്തിൽ ഇത്തരം ഒരു അക്കൗണ്ട് ആരംഭിച്ചിരുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചാ ഗ്രാമപഞ്ചായത്തിൽ നടന്ന ഇ-ടെൻഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/പ്രോജക്ട് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം |
|---|---|
| 114/19വിശ്രാന്തി സമഗ്രശ്മശാന നവീകരണ പദ്ധതി | 2 |

| | |
|---|---|
| 50/19 അമ്മാവൻ പടി പൂണം ചിറപടി റോഡ് | 1 |
| 185/19ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം | 6 |
| 132/19പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് നവീകരണം | 1 |
| /19പൊതു ശൗചാലയ നിർമ്മാണം | 1 |
| /19 വി.പി.നമ്പൂതിരി സ്മാരക റോഡ് | 3 |

ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഷോപ്പിംഗ് കോംപ്ലക്സ് കം ബസ് സ്റ്റാന്റ് നിർമ്മാണം- 11.75ലക്ഷ രൂപ കൺസൾട്ടൻസി ഫീ ഇനത്തിൽ ചെലവഴിച്ചിട്ട് 3 വർഷം - നിർമ്മാണം ആരംഭിച്ചിട്ടില്ല

6.86 കോടി രൂപ അടങ്കലായി ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ്-കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണത്തിനായി സൈറ്റ സർവ്വേ, ഡിസൈൻ ഉൾപ്പെടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2015-16 വർഷം 10,25,613/- രൂപ തനത് ഫണ്ടിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് (കെ.എസ്.എച്ച്.ബി.) കൺസൾട്ടൻസി ഫീസായി നൽകിയിരുന്നു. 23 ഗ്രാമപഞ്ചായത്ത് കെ.എസ്.എച്ച്.ബി.യുമായി കരാറിലേർപ്പെട്ടിരുന്നു. കെ.എസ്.എച്ച്.ബി. ലഭ്യമാക്കിയ എസ്റ്റിമേറ്റ് ( ടോപ്പോഗ്രഫിക്കൽ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ, പ്ലാൻ, റഫ് കോസ്റ്റ് എസ്റ്റിമേറ്റ്, ഡീറ്റെയിൽഡ് ഡിസൈ ഡ്രോയിങ്ങ് എന്നിവ ഉൾപ്പെടെ കൺസൾട്ടൻസി ഫീസായി 18,63,657 രൂപ ഡിമാൻഡ് ചെയ്തിരുന്നു. ഇതിൽ 150045 രൂ 14 വർഷം മുൻകൂർ നൽകിയിരുന്നു.

കെഎസ്എച്ച്ബി തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ എന്നിവയ്ക്കനുസൃതമായി ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭ കൊണ്ട് പ്രവൃത്തി നടത്തുവാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട് (പഞ്ചായത്ത് കമ്മറ്റിയുടെ 07.08.15 നം.തീരുമാനം). കെഎസ്എച്ച്ബി യുടെ പ്ലാൻ പ്രകാരമുള്ളതിൽ ബസ് സ്റ്റാന്റ് നിർമ്മാണം ഉപേക്ഷിച്ച് ഒരു ബ്ലോക്ക് ഷേ കോംപ്ലക്സുകൾ 1.20 കോടി രൂപ അടങ്കലിൽ നിർമ്മാണം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനി ആയതിലേയ്ക്കായി പ്രസ്തുത ഭാഗത്ത് മണ്ണ് നീക്കം ചെയ്യുന്നതിനായി ആവശ്യമായ ലെവൽസ് എടുത്ത് സിറ്റിഇ യ്ക്ക് റി ചെയ്യുന്നതിനും 22-1-16 ലെ XII-ാം കമ്മറ്റി തീരുമാനപ്രകാരമുള്ള ഉപസമിതി റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ അളവ്മണ്ണ് നീക്കം ചെയ്യണം എന്നത് സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തിയ സിറ്റിഇ റിപ്പോർട്ട് പഞ്ചാ ലഭിച്ചിരുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1915m3 മണ്ണ് നീക്കം ചെയ്യ തീരുമാനിക്കുകയും ആയതിനായി സംസ്ഥാന പരിസ്ഥിതി ആഘാതനിർണ്ണയ അതോറിറ്റിയുടെ അനുമതി, മൈന് ജിയോളജി വകുപ്പ് കോട്ടയം ജില്ലാ സീനിയർ ജിയോളജിസ്റ്റിന്റെ അനുമതി എന്നിവ ലഭ്യമായിരുന്നു. പാസ്, പെർമിറ്റ് ലഭ്യമാക്കുന്നതിനായി 1m3 മണ്ണിന് 40/-രൂപ നിരക്കിൽ 76600/- രൂപ റോയൽറ്റിയും 1 MTന് 50/- രൂപ നിരക്കിൽ 19,1 രൂപ സീനിയറേജും ഗ്രാമപഞ്ചായത്ത് അടവാക്കിയിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിന് നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ച സ്ഥലത്തു നിന്നും 1915ഘനമീറ്റ വിൽക്കുന്നതിന് ലേലം വിളിക്കുകയും ലേലം 350/m3 രൂപയ്ക്ക് സുബീഷ് എംഎസ് എന്നയാൾക്ക് ഉറപ്പിക്കുകയും 670250/- രൂപ കരാറുകാരൻ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാ ചുവടെ ചേർക്കുന്നു.

1. <u>മണ്ണിന്റെ അളവ് മെട്രിക് ടൺ അളവിലേയ്ക്ക് പരിവർത്തനം ചെയ്തില്ല - വിവിധ ഇനങ്ങളിൽ അധിക തുക ഒടുക്കി</u>

2015 ലെ മൈനിംഗ് മിനറൽസ് കൺസഷൻ ചട്ടങ്ങൾ പ്രകാരം സാധാരണ മണ്ണിന് റോയൽറ്റി ഇനത്തിൽ ടണ്ണിന് 20 അല്ലെങ്കിൽ ഘനമീറ്ററിന് 40/-രൂപയാണ്. ഇതുപ്രകാരം ലവൽ മെഷർമെന്റ് എടുത്ത് 1915 ഘനമീറ്റർ എന്ന് കണക്കാക്കി ടൺ കണക്കിൽ 3064 ടൺ ആണ് വരുക (ഉറച്ച മണ്ണ് 1.6 ടൺ/ഘനമീറ്റർ) ടൺ കണക്കിൽ ഇതിന് 61280/- രൂപ റോ അടച്ചാൽ മതിയാകും. എന്നാൽ 1915 ഘനമീറ്ററിന് 40/- രൂപ നിരക്കിൽ 76600/- രൂപ അടച്ചിട്ടുണ്ട്. കൂടാതെ സീന് (scigniroage)ചാർജ് ഘനമീറ്ററിന് 100/- രൂപ പ്രകാരം 191500/- രൂപയും പഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുണ്ട്. മൈ ആന്റ് ജിയോളജിയിൽ നിന്നുള്ള കത്ത് പ്രകാരം ഇത് ടണ്ണിന് 50/- രൂപയാണ്. 3064 ടണ്ണിന് 50/- രൂപ പ്രകാരം 15

രൂപ അടയ്ക്കേണ്ട സ്ഥാനത്ത് ഘനമീറ്റർ അളവ് കണക്കിലെടുത്തതിനാൽ സീനിയറേജിനത്തിൽ 38300/- (
റോയൽറ്റിയിനത്തിൽ 15320/-രൂപയും കൂടുതൽ ഒടുക്കേണ്ടതായി വന്നു.

2. **<u>ജിഎസ് ടി വിഹിതം അടവാക്കിയില്ല</u>**

12-6-18 ലെ മണ്ണ് ലേല നോട്ടീസ് പ്രകാരം ലേലം ഉറപ്പിക്കുന്ന കരാറുകാരൻ 7ദിവസത്തിനുള്ളിൽ മുഴുവൻ തുകയും 18% ε ടിയും റോയൽറ്റിയും ഒടുക്കി പാസ്സ് കരസ്ഥമാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. റോയൽറ്റി ഗ്രാമപഞ്ചായത്ത് തന്നെ മൈ & ജിയോളജി വകുപ്പിൽ ഒടുക്കിയിരുന്നുവെങ്കിലും കരാറുകാരൻ തിരികെ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ ജിഎസ് ടി തുക ഒടുക്കിയിരുന്നില്ല. കരാറുകാരനിൽ നിന്നും ജിഎസ് ടി തുക ഈടാക്കാതിരുന്നതിന് വിശദീ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/29.06.2019) മറുപടിയായി, ജി.എസ്.ടി. എന്ന് കരുത കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതെന്നും മറുപടി നൽകി. ജിഎസ്ടി, റോയൽറ്റി എന്നിവ ഉൾപ്പടെയുള്ള ു അടവാക്കാമെന്ന ലേല നിബന്ധനപ്രകാരം ലേലം ഉറപ്പിച്ച കരാറുകാരനിൽ നിന്നും റോയൽറ്റി തുക ഈടാക്കിയെങ്കിലും ε ടി ഈടാക്കിയിരുന്നില്ല. ജിഎസ് ടി വിഹിതമായി 670250/- രൂപയുടെ 18% തുകയായ 120645/-രൂപ കരാറുകാരനിൽ ഈടാക്കേണ്ടതാണ്.

3. **<u>ലെവൽസ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല.</u>**

മണ്ണ് നീക്കം ചെയ്യുന്നതിന് ആവശ്യമായ ലെവൽസ് എടുത്ത് സിറ്റിഇയ്ക്ക് (ചീഫ് ടെക്നിക്കൽ എക്സാമിനർ) റിപ്പോർട്ട് ചെയ്യ 22-1-16 ലെ XII-ാം കമ്മറ്റി തീരുമാനപ്രകാരമുള്ള ഉപസമിതി റിപ്പോർട്ട് ശുപാർശ ചെയ്തിരുന്നു. എന്നാൽ ലെവൽസ് തയ്യ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ചീഫ് ടെക്നിക്കൽ എക്സാമിനർ അം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ലഭ്യമായിരുന്നില്ല. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അംഗീകാരം ലഭ്യമാക്കാതെ മണ്ണ് നീക്കം ചെയ്ത അംഗീകരിക്കാവുന്നതല്ല.

4. **<u>അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷൻ പരിഗണിക്കാതെ ലേലം ആരംഭിച്ചു</u>**

അസിസ്റ്റന്റ് എഞ്ചിനീയറുടെ 7-2-18 ലെ AE/LSGD/17-18 നം. കത്ത് പ്രകാരം മാർക്കറ്റ് നിരക്ക് അനുസരിച്ച് ഒരു ഘനമ 290/- രൂപ ബേസ് റേറ്റായി കണക്കാക്കി മണ്ണ് ലേലം ചെയ്യുന്നതിന് വാല്യുവേഷൻ നൽകിയിരുന്നു. എന്നാൽ ആരംഭിച്ചത് 200/- രൂപ അടിസ്ഥാന നിരക്ക് കണക്കാക്കിയാണ്. വാല്യുവേഷൻ നിരക്ക് അടിസ്ഥാന നി കണക്കാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപ വാല്യുവേഷനിൽ ലേലം തുടങ്ങിയെങ്കിലും ആരും ലേലം വിളിയിൽ പങ്കെടുക്കാതിരുന്നതിനാലാണ് 200/- രൂ അടിസ്ഥാന നിരക്ക് കണക്കാക്കി ലേലം തുടങ്ങിയതെന്നും 350/- രൂപയിൽ ലേലം ഉറപ്പിച്ചതിനാൽ ഗ്രാമപഞ്ചാ നഷ്ടമുണ്ടായിട്ടില്ലായെന്നും മറുപടി ലഭിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായില്ലായെങ്കിൽ കൂടി നടപടിക്രമ അപാകത സംഭവിച്ചിട്ടുണ്ട്. വാല്യുവേഷൻ നിശ്ചയിച്ച തുകയിൽ തന്നെ വാല്യുവേഷൻ ആരംഭിക്കുവാൻ ശ്രദ്ധിക്കേണ്ടതും ഉ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**<u>5) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയ്ക്ക് സീനിയറേജ് ആവശ്യമില്ല.</u>**

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് ലാന്റ് അക്വിസിഷൻ നടപടിപ്രകാരം സിദ്ധിച്ച് 24-9-2013 ൽ രജിസ്റ്റർ ചെയ്ത കിടങ്ങൂർ ( ബ്ലോക്ക് 16, റീ സർവ്വേ 89/6ൽപ്പെട്ട 44.86 ആർ വസ്തു പഞ്ചായത്ത് വില നൽകി വാങ്ങി പഞ്ചായത്തിന്റെ പേരി വില്ലേജിൽ കരം അടച്ച് (തണ്ടപ്പേര് 9067)വരുന്നതാണ്. ടി വസ്തുവിന്റെ തെക്ക് ഭാഗത്ത് 21 സെന്റ് സ്ഥലത്ത് ഷേ കോംപ്ലക്സ് നിർമ്മിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂവികസനം ആവശ്യമായതിനാൽ മണ്ണ് ചെയ്യുന്നതിന് അനുമതിയ്ക്കായി മൈനിങ്ങ് &ജിയോളജി വകുപ്പിനെ സമീപിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ വസ്തു സ ഭൂമിയാണെന്നതിനാൽ റവന്യൂവകുപ്പിലേക്ക് സീനിയറേജ് ചാർജ് ഒടുക്കുന്നതിന് നിർദ്ദേശം നൽകുകയും ഗ്രാമപഞ്ച സീനിയറേജ് ചാർജ്ജായി 191500/-രൂപ ഒടുക്കുകയും ചെയ്തിരുന്നു. റവന്യൂ വകുപ്പിൽ നികുതി ഒടുക്കേണ്ടാത്തതും പഞ്ചാ അധീനമായിട്ടുള്ള നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള പുറമ്പോക്ക് ഭൂമികളാണ് സർക്കാർ ഭൂമിയുടെ പരിധിയിൽ വരുന്നത്. പ ഇവിടെ ഗ്രാമപഞ്ചായത്ത് വില നൽകി വാങ്ങിയ ഭൂമി സർക്കാർ ഭൂമി എന്ന നിർവ്വചനത്തിൽപ്പെടുന്നതല്ല. ആയതിനാൽ സീനിയറേജ് ചാർജ്ജ് അടയ്ക്കുവാൻ വ്യവസ്ഥയില്ല. ഗ്രാമപഞ്ചായത്ത് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി തുക തിരികെ ലഭ്യമാക്കു റവന്യൂ അധികാരികൾക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. തുക തിരികെ ലഭിക്കുവാൻ ഊ ശ്രമങ്ങളുണ്ടാവേണ്ടതും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ശ്രമങ്ങളുണ്ടാവേണ്ടതുമാണ്.

മണ്ണ് നീക്കം ചെയ്യുവാൻ അനുമതി നൽകിയതിനൊപ്പമുള്ള കോട്ടയം ജില്ലാ സീനിയർ ജിയോളജിസ്റ്റിന്റെ 1-3-19 ലെ 104( 19/1817/DOY/ML/2018 നം. ഉത്തരവ് പ്രകാരം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ ബേസ്മെന്റ് എങ്കിലും പൂർത്ത ജില്ലാ ജിയോളജിസ്റ്റിനെ ബോദ്ധ്യപ്പെടുത്താത്ത പക്ഷം റോയൽറ്റിയുടെ 5 ഇരട്ടി തുക പഞ്ചായത്തിൽ നിന്നും ഈടാക

അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ കെട്ടിടംപണി ആരംഭിച്ചിട്ടുപോലുമില്ല. നിൽവിൽ എൽഎസ്ജിഡി അസി.എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്ലാൻ സെറ്റ്ഔട്ട് ചെയ്തപ്പോൾ ഭാഗത്ത് ക്രമീകരിക്കുന്ന പാർക്കിങ്ങ് ഏരിയയിലേക്ക് വാഹനങ്ങൾ ഇറങ്ങിപ്പോകുന്നതിന് പ്ലാനിൽ കാണിച്ചിരിക്കുന്ന ലഭ്യമല്ലാതെ വന്നിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്ലാൻ പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ഹൗ ബോർഡിന് കത്ത് നൽകിയെങ്കിലും ബോർഡിന്റെ ഭാഗത്തു നിന്നും അനുകൂല മറുപടി ലഭിച്ചിരുന്നില്ല. പ്ലാൻ ഡി എന്നിവയ്ക്കായി 11 ലക്ഷത്തിലധികം രൂപ കെഎസ്എച്ച്ബിയ്ക്ക് നൽകുന്നതിനായി ചെലവഴിച്ചുവെങ്കിലും ഗ്രാമപഞ്ചായ പ്രയോജനപ്രദമായ രീതിയിൽ കുറ്റമറ്റ പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിൽ കെഎസ് പരാജയപ്പെടുകയുണ്ടായി. സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുമുണ്ടായ പിഴവ് പരിഹരിക്കുവാൻ കെഎസ്എച്ച്ബി യ നടപടികളും സ്വീകരിക്കുന്നില്ലായെന്നത് വളരെ ഗുരുതരമായ സ്ഥിതി വിശേഷമാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് കണ്ടീഷനനുസരിച്ച് പുതിയ പ്ലാനും ഡിസൈനും തയ്യാറാക്കേണ്ടപക്ഷം ആദ്യം ചെലവഴിച്ച 11,75.658/-രൂപ പാഴ് ചെ മാറുന്നതാണ്. കെഎസ്എച്ച്ബി തയ്യാറാക്കിയ പ്ലാനിലും ഡിസൈനിലും അടിസ്ഥാനപരമായ പിഴവുകൾ ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ തന്നെ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൺസ ഫീ ഇനത്തിൽ ചെലവഴിച്ച 11.75 ലക്ഷം രൂപ പ്രയോജനപ്പെടാത്ത വിധമുള്ള വിപത്ത് സാധ്യത നിലനി സ്ഥിതിവിശേഷത്തിലേയ്ക്ക് ഓഡിറ്റ് അധികൃതരുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു. കെഎസ്എച്ച്ബി.യെക്കൊണ്ട് നില പ്ലാൻ, ഡിസൈൻ എന്നിവയിലെ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കി ലഭ്യമാക്കുന്നതിന് കൂടുതൽ ശ്രമങ്ങളുണ്ടാ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 3-2 വിമുക്തി ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി നടത്തിപ്പിലെ അപാകതകൾ

2018-19ലെ വിമുക്തി ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി നടപ്പിലാക്കിയതിലേയ്ക്കായി 25000/- രൂപ താഴെ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 1 | ബിൽ നം851/6-2-19<br>5000/- |
| 2 | ബിൽ നം872/10-2-19<br>10000/- |
| 3 | ബിൽ നം895/23-2-19<br>10000/- |

ക്രമ നം. ഒന്ന് പ്രകാരമുള്ള തുക വിവിധ സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ച് ക്വിസ് പ്രോഗ്രാം നടത്തുന്നതിനായി ചെ 20000/- രൂപ കുടുംബശ്രീ അംഗങ്ങൾ, ബാലസഭ, വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ എന്നിവർക്ക് ബോധവൽ ക്ളാസുകൾക്കായി ചെലവഴിച്ചു. ആയതുമായി ബന്ധപ്പെട്ട കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- ക്രമ നം. 3 പ്രകാരമുള്ള 10000/- രൂപയുടെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമായില്ല. കൈപ്പറ്റു വിവരം മാ ലഭിച്ചത്.
- ക്രമ നം. 2, 3 തുകകൾ സതേൺ റീജിയണൽ ചാരിറ്റബിൾ ട്രസ്റ്റ്, അമലഗിരി, കോട്ടയംഎന്ന സ്ഥാപന അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. കേരള സംസ്ഥാന എക്സ്സൈസ് കമ്മീഷണറുടെ EXC/374/201 (2018-19ലേക്കുള്ള മാർഗനിർദ്ദേശ പ്രകാരം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് എക്സ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിലാണ്. കൂടാതെ എല്ലാ വാർഡുകളിലും സി.ഡി.എസ്., കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മെമ്പർമാർ എന്നിവർ ചേർന്ന കമ്മറ്റികൾ രൂപീകരിക്കുകയും, മേൽനോട്ടം വഹിക്കാൻ റേഞ്ച് സർക്കിൾതല എ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്യണം. ടി നിർദ്ദശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.

  മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.15/2-7-19) നല്കി. വിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ വിശദാംശങ്ങൾ കത്ത് മുഖേന എക്സൈസ് വകുപ്പിനെ അറിയിച്ചിട്ടുണ്ട മറുപടി ലഭിച്ചു. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. വിമുക്തി ലഹരി വിരുദ്ധ ബോധവൽ പരിപാടികൾ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഫലപ്രദമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-3 വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്ത

| | |
|---|---|
| (1) | |
| പ്രോജക്ട് നം. | 8/19 |
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 990000/- |
| ചെലവ് | 819401/- |
| ബിൽ നം. | 74/30-11-18 |

വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പ്രവൃത്തിക്കായി കെ.എസ്.ഇ.ബി.യിൽ ഒടുക്കിയ മേൽ ു വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി. യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. സ കണക്ഷൻ ലഭിക്കുന്നതിനായി 7/12/18 ലെ കത്ത് പ്രകാരം 2257/- രൂപ (പ്ലാൻ ഫണ്ട്) (61x37)31/12/18 ൽ ഒടുക്കി വീണ്ടു ആവശ്യത്തിനായി തന്നെ 2220 (37x60)(ബിൽ നം.800/14.1.19) എന്ന നിരക്കിൽ ഒടുക്കി. അധികമായി ഒടുക്കിയ 2257, തിരികെ ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ കത്ത് നല്കിയിട്ടുണ്ട്. എന്നാൽ തുക തിരികെ ലഭി മേൽപ്രസ്താവിച്ച അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.10/2-7-19 നല്കി. ടി പദ്ധതി പൂർത്തീകരിച്ച് വരുന മറുപടി ലഭിച്ചിട്ടുണ്ട്. ജനകീയാസൂത്രണപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. വേണ്ടത്ര പര കാണിക്കുന്നില്ലായെന്നും നിയമാനുസൃതം എഗ്രിമെന്റ് വയ്ക്കാൻ ബാധ്യസ്ഥരാണെങ്കിലും ആയത് വയ്ക്കാൻ തയ്യാറാവുന്നില്ലാ ടി വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതുണ്ടെന്നും മറുപടിയായി അറിയിച്ചു. പദ്ധതി പൂർത്തീകരി സാഹചര്യത്തിൽ ടി പ്രവൃത്തിക്കായി നിക്ഷേപിച്ച 819401/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെ.എസ്.ഇ.ബി.യിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| (2) | |
| പ്രോജക്ട് നം. | 191/19 |
| പ്രോജക്ട് | വാതക്കാട്ട്പടി -മാവേലി റോഡ് പൈപ്പ് ലൈൻ വലിക്കൽ |
| അടങ്കൽ | 60000/- |
| ചെലവ് | 58000/- |
| ബിൽ നം. | ധനകാര്യകമ്മീഷൻ ഗ്രാന്റ് - 55,262/-<br>169/30-1-19<br>തനത് ഫണ്ട് ചെലവ് 2738/- (ബിൽ നം.920/27.2.19) |

സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തിയിൽ ഒടുക്കിയ തുകയുടെ വിന വിവരം ലഭിച്ചിട്ടില്ല. സ്ഥാപനവുമായി കരാർ വച്ചിട്ടില്ല. കരാർ വയ്ക്കാതെ തുക നിക്ഷേപിച്ചതിന് വിശദീ ആവശ്യപ്പെട്ടുകൊണ്ടും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി (നം.10/2-7-19) നല്കി. ടി നാളിതുവരെ ആരംഭിച്ചിട്ടില്ല. ജനകീയാസൂത്രണപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നിർവഹണ ഏജൻ വേണ്ടത്ര പരിഗണന കാണിക്കുന്നില്ല, പഞ്ചായത്തിന്റെ വാർഷിക പദ്ധതി അംഗീകിച്ചതിനു ശേഷം വിശദമായ എ തയ്യാറാക്കി നല്കുന്നതിൽ കാലതാമസം ഉണ്ടാവുന്നു, പദ്ധതിചെലവുകൾ സമയബന്ധിതമായി ന ശതമാനത്തിലെത്തിക്കേണ്ടതിനാൽ ഡിപ്പോസിറ്റ് വർക്കുകളുടെ തുക ഒടുക്കേണ്ട സാഹചര്യം ഉണ്ടാവുന്നു, നിയമാ എഗ്രിമെന്റ് വയ്ക്കാൻ ബാധ്യസ്ഥരാണെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ കരാർ വെയ്ക്കാൻ തയ്യാറാവുന്നില്ല എന്നീ വിഷ മറുപടിയായി ലഭ്യമാക്കിയിരുന്നു. മേൽ പ്രോജക്ട് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 58,000/-രൂപയുടെ തടസ്സപ്പെടുത്തുന്നു.

# 3-4 തുമ്പൂർമൂഴി മാതൃകയിലുള്ള എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 176/19 |

| | |
|---|---|
| അടങ്കൽ | 10,28,500/-(കേന്ദ്രവിഹിതം) |
| ചെലവ് | 643144+<br>132894<br>-----------<br>7,76,038 (ബിൽ നം. 852/1-2-19) |
| കരാറുകാരൻ | ജയിൻ പി.ജോർജ്ജ് |
| കരാർ നം. | 90/AE/LSGD/KDR/2017-18 തീയതി 28-03-18 |
| എം ബുക്ക് നം. | 360/17-18, |

ഗ്രാമപഞ്ചായത്തിലെ ജൈവമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പ പ്രോജക്ടായിരുന്നു ഇത്. 1.5m വീതം നീളവും വീതിയുമുള്ള 11 ബിന്നുകൾ സ്ഥാപിക്കുക, അലുമിനിയം ഷീറ്റ് റൂഫിങ്ങ് നിർമ്മിക്കുക എന്നിവ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റായിരുന്നു തയ്യാറാക്കിയിരുന്നത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. LSGD ചീഫ് എഞ്ചിനീയർ രണ്ട് യൂണിറ്റിനായുള്ള മോഡൽ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി എന്നാൽ ടി എസ്റ്റിമേറ്റിനെ ആധാരമാക്കിയായിരുന്നില്ല അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഡ്രൈ സംവിധാനങ്ങൾ, സോക്ക്പിറ്റ് എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.
2. സ.ഉ(സാധാ) 1922/14തസ്വഭവ തീയതി 22-7-14 പ്രകാരം മാലിന്യസംസ്കരണ പ്ലാന്റുകൾക്ക് ജില്ലാ ശുചിത്വമിഷന്റെ അ ആവശ്യമാണ്. എന്നാൽ പ്രസ്തുത പ്രോജക്ടിന് ഇത്തരം ഒരു അനുമതി ലഭിച്ചതായി കാണുന്നില്ല.
3. 2-ാമത്തെ ഇനമായി ചെയ്ത EW excavation എന്ന പ്രവൃത്തി പ്രകാരം 74.588m3 മണ്ണ് കുഴിച്ചെടുത്തിരുന്നു. ഇതിൽ 6 മണ്ണ് സ്ഥലം ലെവൽ ചെയ്യുന്നതിന് ഉപയോഗിച്ചതായി എംബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എക്സ്ട്രാ ഐ 39.192m3 മണ്ണ് ഫില്ലചെയ്യുന്ന പ്രവർത്തിയ്ക്ക് ഐറ്റം 2 ആയി കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്തിയിരുന്നില്ല. ര 39.192m3 മണ്ണിന് Rs181.23/m3 നിരക്കിൽ **7103**/- രൂപ അധികം നൽകുകയുണ്ടായി.
4. എം ബുക്ക് പ്രകാരം പ്രസ്തുത വർക്കിന്റെ ആകെ വേലമൂല്യം 7,68,407/- രൂപയാണ്. എന്നാൽ ആദ്യപാർട്ട് ബിൽ പ്ര 6,43,144/-രൂപയും അവസാനബില്ലിൽ 1,32,894/- രൂപയുമുൾപ്പടെ ആകെ 7,76,038/- രൂപ പ്രസ്തുത പ്രോജക്ട ചെലവഴിച്ചിട്ടുണ്ട്. **7631**/- രൂപ അധികം ചെലവഴിച്ചതായി കാണുന്നു.
5. ഗ്രാമപഞ്ചായത്തിൽ ഉണ്ടാകാവുന്ന ജൈവമാലിന്യം സംബന്ധിച്ച് കൃത്യമായ പഠനം നടത്തിയിരുന്നില്ല. 11 ബി സ്ഥാപിക്കുന്നതിന് യാതൊരു മാനദണ്ഡവും സ്വീകരിച്ചിരുന്നില്ല. ഒരു ബിന്നിൽ 2500 Kg മാലിന്യം സംഭരിക്കാ സംഭരിക്കുന്ന മാലിന്യത്തിന്റെ അളവനുസരിച്ച് ബിന്നുകളുടെ എണ്ണം കൂട്ടാമെന്നമിരിക്കെ പദ്ധതി ഫലപ്ര നടപ്പാക്കുന്നതിന് മുൻപെ 11 ബിന്നുകളും സ്ഥാപിച്ചത് അധികചെലവ് ഉണ്ടാക്കിയിട്ടുണ്ട്.
6. ഐറ്റം റേറ്റ് ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജയിൻ പി.ജോർജ്ജ് എന്ന കരാറുകാരന്റെ ട അംഗീകരിക്കുകയും ചെയ്തു. ചില ഇനങ്ങൾക്ക്എസ്റ്റിമേറ്റ്പ്രകാരമുള്ള നിരക്കും മറ്റ്ചിലതിന് കുറവ് നിരക്കുമാ കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ ബിൽ തയ്യാറാക്കിയ വേളയിൽ കുറവ് ക്വോട്ട് ചെയ്ത ഇനങ്ങൾക്കും എ പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം നം | നൽകിയതുക എസ്റ്റിമേറ്റ് പ്രകാരമുള്ളത് | നൽകാവുന്ന തുക (കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക്) | അധികം നൽകിയത് |
|---|---|---|---|
| 1) (2-8-1) EW excavation | 6.688m3<br>@239.82=<br>1603.92 | 6.688m3<br>@230=1538.24 | 65.68 |
| 2) 2-6-1 EW excavation | 67.90m3<br>@181.52=<br>12325.25 | 67.90m3<br>@180=12222 | 103.25 |

| | | | |
|---|---|---|---|
| 4)4-3-1 Centering &Shuttering for foundation | 15.36m3<br>@279.52<br>=4293.43 | 15.36m3<br>@270<br>=4147.2 | 146.23 |
| 6) 50-10-1 Steel work | 1112.843Kg<br>@144.34<br>=160627.76 | 1112.843Kg<br>@140.34<br>=156176.387 | 4451.373 |
| 7)50-10-2 Steel work for purlin | 385.192Kg<br>@117.53<br>=45271.62 | 385.192Kg<br>@115.53<br>=44501.232 | 770.388 |
| 10) 50-6-1-1<br>Solid block masonary | 10.967m3<br>@5257.81<br>=57662.40 | 385.192Kg<br>@5200<br>=57028.40 | 634 |
| 13) 13-61-1<br>Painting | 71.07m2<br>@112.99<br>=8030.20 | 71.07m2<br>@110<br>=7817.7 | 212.5 |
| ആകെ അധികം നൽകിയ തുക | | | **6383.42 (6383/- രു)** |

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/0 മറുപടി ലഭ്യമായില്ല. അധികമായി കരാറുകാരന് നൽകിയ തുകയായ 21117/-രൂപ (7103+7631+6383) കരാറുകാരനിൽ ( ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

03-07-19 ന് പ്രസ്തുത സ്ഥലം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. ഷെഡ് നിർമ്മിച്ച് ക ബിന്നുകൾ സ്ഥാപിച്ചിരുന്നുവെങ്കിലും യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ ഉണ്ടായിട്ടില്ല. പ്ലാന്റിൽ കരി ചാണകവും നിശ്ചിത അളവിൽ നിറച്ച് അതിന് മുകളിൽ മാലിന്യം നിക്ഷേപിച്ചാണ് പ്ലാന്റിന്റെ പ്രവർത്തനം നടതേ കൃത്യമായ പ്രവർത്തനം നടത്തുന്നതിന് ഒരാളെ പരിശീലിപ്പിക്കേണ്ടതും ജൈവമാലിന്യം വിവിധ വാർഡുകളിൽ സംഭരിച്ച് പ്ലാന്റിലെത്തിക്കുന്നതിന് തുടർ നടപടികൾ ഉണ്ടാവേണ്ടതുമുണ്ട്. ഇത്രയും തുക ചെലവഴിച്ച് നിർമ്മിച്ച എയറേ കമ്പോസ്റ്റ് പ്ലാന്റ് പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന അവസ്ഥയുണ്ടാകാതിരിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തു അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതുണ്ട്. കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനസജ്ജമാകാത്തതിനാൽ ഈയിനത്തിൽ നിര 21117/- രൂപ ഒഴികെ ചെലവഴിച്ച 7,54,921/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പൊതുശൗചാലയ സമുച്ചയം -പ്രവർത്തനസജ്ജമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 177/19 |
| അടങ്കൽ | 5,56,904/-(കേന്ദ്രവിഹിതം)<br>61878(തനത് ഫണ്ട്)<br>---------------<br>6,18,782 |
| ചെലവ് | 5,56,904 (ചെക്ക് നം 2737198/27-12-18)<br>29437 (ചെക്ക് നം 2737199/27-12-18)<br>----------- |

| | |
|---|---|
| | 5,86,341 |
| കരാറുകാരൻ | കിടങ്ങൂർ ഇൻഡിപെൻഡന്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| കരാർ നം. | 93/AE/LSGD/KDR/2018-19 തീയതി28-06-18 |
| എം ബുക്ക് നം. | 212/17-18 |

കിടങ്ങൂർ ബസ്ബേയ്ക്ക് പുറകിലായി പൊതുശൗചാലയ സമുച്ചയം നിർമ്മിക്കുക എന്ന ഉദ്ദേശത്തിൽ തയ്യാ പ്രോജക്ടായിരുന്നു ഇത്. പ്രസ്തുത പ്രോജക്ടിന്റെ ടെൻഡർ, റീടെൻഡർ എന്നിവയിൽ ആരും പങ്കെടുക്കാത്തതിനാൽ ഇൻഡിപെൻഡന്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ എസ്റ്റിമേറ്റ് നിരക്കിലുള്ള ക്വട്ടേഷൻ പരി അംഗീകരിച്ച് പ്രവൃത്തി ഏൽപിച്ച് നൽകിയിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർ

1. ശൗചാലയം പ്രവർത്തിക്കുന്നതിന് അത്യന്താപേക്ഷിതമായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ് എന്നിവയ്ക്ക് എസ്റ്റി പ്രൊവിഷൻ വച്ചിരുന്നില്ല. തൻമൂലം കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ എൻക്വയറിക്ക് (21/3.7.19) മറുപടിയായി 2019-20 വർഷത്തിൽ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ് വർക്കുകൾ എന്ന് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടം പ്രവർത്തനസജ്ജമാക്കുവാൻ എന്തൊക്കെ പ്രവൃ ആവശ്യമുണ്ടോ അതെല്ലാം ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തണം എന്ന സർക്കാർ നിർദ്ദേശം എസ്റ്റിമേറ്റ് തയ്യാ വേളയിൽ പരിഗണിച്ചിരുന്നില്ല.
2. കരാറുകാരൻ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കിയിരുന്നുവെങ്കിലും ഫൈനൽ തയ്യാറാക്കേണ്ടതിന് പകരം പാർട്ട് ബില്ലായാണ് തുക നൽകിയത്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപ എസ്റ്റിമേറ്റിലധികരിച്ച് കരാറുകാരൻ പ്രവൃത്തി ചെയ്തിരുന്നുവെന്നും ബാലൻസ് തുക നൽകുന്നതിനാണ് ആദ്യബിൽ ബില്ലായി തയ്യാറാക്കിയത് എന്നും അറിയിച്ചിരുന്നു. എന്നാൽ ഇത് ശരിയായ നടപടിയല്ല. പ്രവൃത്തി പൂർത്ത മാസങ്ങൾക്ക് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരന് ബാലൻസ് തുക നൽകുന്ന നടപടി സർക്കാർ ഉത്തര ലംഘനമാണ്. പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിൽ തന്നെ എസ്റ്റിമേറ്റിൽ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടെങ്കിൽ എ റിവൈസ് ചെയ്യാവുന്നതായിരുന്നു. എന്നാൽ ആയത് ചെയ്യാതെ പ്രവൃത്തി പൂർത്തീകരണത്തിന് മാസങ്ങൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന നടപടി ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗ ശ്രദ്ധപതിയേണ്ടതുണ്ട്.
3. ആകെ വേലമൂല്യം 5,86,341/- രൂപയായിരുന്നു. ബിൽ തുക നൽകിയതിൽ IT വിഹിതമായി 5863/- രൂപ മാത്രം കുറ 5,80,478/-രൂപ കരാറുകാരന് നൽകിയതായി കാണുന്നു.(ബിൽ നം.729/27-12-18). ആകെ വേലമൂല്യത്തിൽ നിന്നും ചെയ്യേണ്ട വർക്കേഴ്സ് വെൽഫയർ ഫണ്ട് (1%=5863/-), ജിഎസ്ടി വിഹിതം (2%=11726/-) എന്നിവ കുറവ് ചെയ്തി ഇൻകം ടാക്സ് ഒടുക്കിയതിന്റെ വിവരങ്ങളും, വർക്കേഴ്സ് വെൽഫയർ ഫണ്ട്, ജിഎസ്ടി എന്നിവ കരാറുകാരനിൽ ഈടാക്കി ഒടുക്കിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
   3-07-19 ന് പ്രസ്തുത സ്ഥലം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയുണ്ടായി. വളരെ മികച്ച രീതിയിൽ പൂർത്തിയാക്കിയിരിക്കുന്ന ശൗചാലയത്തിൽ പ്ലമ്പിങ്ങ് ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടന്നാൽ പ്രവർത്തനസജ്ജമാകൂ. ശൗചാലയത്തിലേക്കുള്ള സ്റ്റെപ്പുകൾ നടപ്പാതയിൽ നിന്നും രണ്ട് അടി താഴെ മാത്രമാണ്. നിന്നും ശൗചാലയത്തിലേക്ക് സ്റ്റെപ്പുകൾ കെട്ടിയാൽ മാത്രമേ പ്രവേശനം സുഗമമാകൂ. കൂടാതെ ഗ്രാമപഞ്ചായത്ത് ശൗ എന്ന ബോർഡ് കെട്ടിടത്തിൽ സ്ഥാപിച്ചിരുന്നില്ല. അടുത്തവർഷത്തെ പ്രോജക്ട് തയ്യാറാക്കുമ്പോൾ പ്രസ്തുത വിഷ പരിഗണിക്കേണ്ടതാണ്. നിലവിൽ കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള 5,8 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 മെറ്റീരിയൽ റിക്കവറി സെന്റർ-പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 175/19 |
| അടങ്കൽ | 3,00,000/-പൊതുവിഭാഗം വികസനഫണ്ട് |
| ചെലവ് | 8216/-(ബിൽ നം. 23/07-12-18)<br>2,74,459/- (2017-18)<br>-----------------<br>2,82,675/- |
| കരാറുകാരൻ | ജയിൻ പി.ജോർജ്ജ് |

| | |
|---|---|
| കരാർ നം | 81/AE/LSGD/KDR/2017-18 തീയതി16-03-18 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ അജൈവമാലിന്യങ്ങൾ സംഭരിക്കുക എന്ന ലക്ഷ്യത്തോടെ ക ബസ്‌ബേയ്ക്ക് പുറകിലായും കമ്മണ്ണൂർ സാസ്കാരിക നിലയത്തിന് സമീപയായും രണ്ട് മെറ്റീരിയൽ റിക്കവറി സ്ഥാപിക്കുവാൻ തയ്യാറാക്കിയ പ്രോജക്ടായിരുന്നു ഇത്. ഒരുമീറ്റർ ഉയരത്തിൽ സോളിഡ് ബ്ലോക്ക്ചെയ്ത് അലൂമിനിയം ഷീറ്റ് നിർമ്മിച്ച് ഷെഡ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയിരുന്നു. പ്രസ്തുത സ്ഥലം 03 ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ മാലിന്യങ്ങൾ ശേഖരിച്ച് ചാക്കുകെട്ടുക സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയുടെ റീസൈക്ലിങ്ങ് സംവിധാനം ഒരുക്കിയിരുന്നില്ല. പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ ഷ്രെഡ്ഡിങ്ങ് യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടില്ല. ഈ സാഹചര്യത്തിൽ ശേഖരിച്ച മാലിന്യം ഏത് രീതിയിൽ സംസ്കര എന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തമായ കാഴ്ചപ്പാടുകളില്ല. മാലിന്യ ശേഖരണത്തിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. കർമ്മസേനയെ സജ്ജമാക്കി അജൈവമാലിന്യം തരം തിരിച്ച് വൃത്തിയാക്കി പുനഃചംക്രമണത്തിന് സജ്ജമാക്കി മെറ്റ റിക്കവറി കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനും മാലിന്യനീക്കവും റീസൈ ഫലപ്രദമാക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

# 3-7 വാലേപ്പടി അങ്കണവാടി മെയിന്റനൻസ് (വാർഡ് 3 ) - പിഴ ഈടാക്കിയിട്ടില്ല - അളവുകൾ കുറവ് ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നം. | 165/19 |
| അടങ്കൽ | 272750 രൂപ (മെയിന്റനൻസ് ഗ്രാന്റ് (നോൺ- റോഡ്)) |
| ചെലവ് | 268226 രൂപ (മെയിന്റനൻസ് ഗ്രാന്റ് (നോൺ- റോഡ്))<br>(ബിൽ നം - 11 / 09.11.18) |
| എം ബുക്ക് നം. | 188 /17-18 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

2018-19 വർഷം സ്പിൽ ഓവർ പ്രോജക്ടായി നടന്ന വാലേപ്പടി അങ്കണവാടി മെയിന്റനൻസ് റെജി ജോസഫ് എന്ന കരാ എസ്റ്റിമേറ്റഡ് റേറ്റിനാണ് (2,72,588 രൂപ ) പൂർത്തീകരിച്ചത്. 27/10/17 ന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും 05/12/ മാത്രമാണ് കരാറുകാരൻ പഞ്ചായത്തുമായി കരാറിലേർപ്പെട്ടത്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞാ കരാർ തുകയുടെ 1% തുക പിഴ ഈടാക്കിയാണ് കരാർ ഉടമ്പടി വയ്ക്കേണ്ടത്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല.

എം ബുക്കിൽ ക്രമ നം. 6 ആയി കാണിച്ചിട്ടുള്ള ' Providing and Fixing ceramic glazed wall tiles ‘ എന്ന പ്രവൃത്തി 54.2 ആണ് നിർവഹിച്ചത് (ഡിഡക്ഷന് ശേഷം). (എം ബുക്ക് നം . 13) എന്നാൽ ഡിഡക്ഷൻ കൂടാതെയുള്ള 65.38 ച.മീ. വിസ്തീർണ്ണം കണക്കാക്കിയാണ് ബിൽ തയ്യാറാക്കിയത്. (എം ബുക്ക് നം - 36). ആകയാൽ 11.18 ച.മീ (65.38 – പ്രവൃത്തിയുടെ തുക 12572 രൂപ ( 11.18 x 1124.50) രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ന ഓഡിറ്റ് എൻക്വയറി (1/26.06.19)ക്ക് മറുപടിയായി അധികമായി അനുവദിച്ച തുകയും പിഴയും കോൺട്രാക്ടറിൽ ഈടാക്കാൻ നടപടി സ്വീകരിക്കുമെന്നറിയിച്ചു. അധികം അനുവദിച്ച 12572/- രൂപയും പിഴയായി കരാർ തുകയുടെ 1% 2726/- രൂപയും തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 3-8 റോഡ് ടാറിങ്ങ് പ്രവൃത്തികൾ--ബാരൽ വില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീ പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ വില (236+18%GST) ബില്ലിൽ കുറച്ച ശേഷം കരാറുകാര നൽകേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം പഞ്ചായത്ത് വിവിധ വർക്കുകളിലെ കരാറുകാർക്ക് അധികം തുക നൽ ഇടയാവുകയും തൻമൂലം സർക്കാർ ഫണ്ട് അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപ ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം & പേര് | ഉപയോഗിച്ച ബിറ്റുമിൻ | ഉപയോഗിച്ച ബാരലിന്റെ | ബാരലിന്റെ വില |
|---|---|---|---|---|

| | | (in Kg) | | എണ്ണം | @ 278/- |
|---|---|---|---|---|---|
| | | RS1 | S65 | | |
| 1 | 95/19 കവുങ്ങാട്ട് പടി പല്ലേത്തിപ്പടി റോഡ് റീടാറിംഗ് (കരാറുകാരൻ-ജോമോൻ എബ്രഹാം) | 175.892 | 1701.958 | | |
| 2 | 65/19 പോളയ്ക്കൽപടി വലിയ വീട്ടിൽപടി റോഡ് റീടാറിങ്ങ് (കരാറുകാരൻ-ജോമോൻ എബ്രഹാം) | 141.75 | 1364.855 | | |
| 3 | 117/19 OLHകുമ്മണ്ണൂർ ലക്ഷം വീട് കോളനി റോഡ് റീടാറിങ്ങ് (കരാറുകാരൻ-ജോമോൻ എബ്രഹാം) | 138.848 | 1418.124 | 740.714/ 182= 5ബാരൽ 7315.196/156= 47ബാരൽ ----------------- 52ബാരൽ | 52x278=14456 |
| 4 | 59/19 ചെമ്പിളാവ് ലക്ഷം വീട് കോളനി-ചെറുകാട്ട് വാലേൽ റോഡ് റീടാറിങ്ങ് (കരാറുകാരൻ-ജോമോൻ എബ്രഹാം) | 199.210 | 1986.309 | | |
| 5 | 96/19 നെടുങ്കോട്ടി കട്ടിയാങ്കൽ റോഡ് റീടാറിങ്ങ് (കരാറുകാരൻ-ജോമോൻ എബ്രഹാം) | 85.014 | 843.950 | | |
| | ആകെ ബിറ്റുമിൻ | 740.714 | 7315.196 | | |
| 1 | 179/19 ചോഴത്തിൽ പടി പുറ്റനാൽ റോഡ് റീടാറിങ്ങ് (കരാറുകാരൻ-അരവിന്ദ്.യു) | 132.604 | 1484.363 | 286.316/182= 2ബാരൽ 3095.714/156= 20ബാരൽ --------------- 22ബാരൽ | 22x278=6116 |
| 2 | 178/19 ശവക്കോട്ടപ്പടി പുഞ്ചപ്പാടം റോഡ് മെയിന്റനൻസ് (കരാറുകാരൻ-അരവിന്ദ് യു.) | 153.712 | 1611.351 | | |
| | ആകെ ബിറ്റുമിൻ | 286.316 | 3095.714 | | |

ആകെ ബാരൽ വിലയിനത്തിൽ അധികം നൽകിയ തുക Rs.20572/- (14456+6116) രൂപ കരാറുകാരിൽ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി അതാത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-9 റോഡ് ടാറിങ്ങ് പ്രോജക്ട് - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | 112/19 കൊമ്പനാംകുന്ന് മേക്കാട്ടേൽ തെരുവ് റീടാറിങ്ങ് |
| | അടങ്കൽ | 4,00,000/- |
| | ചെലവ് | 372319/- (ബിൽ നം.51/20-3-19) |
| | കരാർ നം. | 3/AE/LSGD/KDR/2017-18 തീയതി13-8-18 |
| | എംബുക്ക് നം | 388/18-19 |
| 2 | പ്രോജക്ട് നം. | 107/19 തീർത്ഥം പ്രസ് കീച്ചേരികുന്നേൽ റോഡ് ടാറിങ്ങ് |
| | അടങ്കൽ | 2,48,500/- |
| | ചെലവ് | 244568/- (ബിൽ നം. 48/20-3-19) |
| | കരാർ നം. | 36/AE/LSGD/KDR/2017-18 തീയതി19-9-18 |
| | എം ബുക്ക് നം. | 372/18-19 |

പ്രസ്തുത 2 പ്രോജക്ടുകളുടെയും കരാർ പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. ആദ്യ പ്രോജക്ടിന് 13-8-18 ന വച്ച ടി പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 12-11-18 നായിരുന്നു. എന്നാൽ എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്ത അവസാന അളവുകളെടുത്തിരിക്കുന്നത് 1-3-2019 നാണ്. 2-ാമത്തെ പ്രോജക്ടിന് 19-9-18 ന് കരാർ വച്ച ടി പ്ര പൂർത്തീകരിക്കേണ്ടിയിരുന്നത് 18-12-18-നായിരുന്നു. എന്നാൽ എംബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് അ അളവുകളെടുത്തിരിക്കുന്നത് 8-3-2019-നാണ്. പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയോ സപ്ലി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി നിർവ്വഹണത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സമുള്ളതായി ഫ രേഖകളില്ല. കാലതാമസത്തിന് കേരള പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന പിഴ കരാറുകാരനിൽ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/01.07.19) മറുപ തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണ് എന്ന് അറിയിച്ചിരുന്നു.

## 3-10 ആശ്രയ പദ്ധതി-1427911/- രൂപ ചെലവഴിക്കാതെ അവശേഷിക്കു

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ നിർദ്ധനരും നിരാലംബരുമായ അഗതികളെ കണ്ടെത്തി അവർക്ക് അടിസ്ഥാന സ ഒരുക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിന് ലക്ഷ്യമിട്ടാണ് ആശ്രയപദ്ധതിയുടെ ആദ്യഘട്ടം പഞ്ചാ തുടക്കമിട്ടത്. ഒന്ന്-രണ്ട് ഘട്ടങ്ങളിലായി 102 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി കണ്ടെത്തിയത്. 2790239/ ചലഞ്ച് ഫണ്ടായി കിട്ടിയിട്ടുണ്ട്. 2018-19 വർഷം വിഹിതമായി നല്കിയ 3,00,000/- രൂപ ഉൾപ്പെടെ 36,66,517/ ഗ്രാമപഞ്ചായത്ത് വിഹിതമായി നല്കുകയുണ്ടായി. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി, വസ്ത്രം , ഭവനഅറ്റകു ഭക്ഷണം, വിദ്യാഭ്യാസം, കുടിവെള്ളം, ശൗചാലയം തുടങ്ങിയവ ലഭ്യമാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. തൻ വർഷ ഫണ്ടിൽ നിന്നും 10000/- രൂപയും, ചലഞ്ച് ഫണ്ടിൽ നിന്നും 29084/-രൂപയും ചെലവഴിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങൾക്ക അനുവദിച്ച തുകയുടെ നാളിതുവരെയുള്ള വിനിയോഗം, ശേഷിക്കുന്ന തുകയുടെ വിവരം എന്നിവ താഴെ ചേർക്കുന്നു.

| അനുവദിച്ച തുക | | ചെലവഴിച്ച തുക | | ബാക്കി തുക |
|---|---|---|---|---|
| പ്ലാൻഫണ്ട് | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് (പലിശ ഉൾപ്പെടെ) |
| 3666517 | 2790239 | 2572128 | 2932276 (പലിശ ഉൾപ്പെടെ) | 1427911 |

പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സി.ഡി.എസ് ചെയർപെഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തുടങ്ങിയവർ അ സമിതി പ്രതിമാസ അവലോകനം നടത്തി സമയോചിത നടപടി കൈക്കൊള്ളേണ്ടതാണെന്ന് പദ്ധതി മാർ നിഷ്കർഷിയ്ക്കുന്നുണ്ടെങ്കിലും ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസം നേരിടുന്നു. തന്മൂലം ബാക്കിനിൽക്കുന്ന 142791 ഉപയോഗിക്കാതെ കാനറബാങ്ക്, കിടങ്ങൂർ ശാഖയിൽ അവശേഷിയ്ക്കുന്നു. ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും സമൂഹത്തിലെ ദരിദ്രവിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ട് ഘട നിർവ്വഹിക്കാത്തത് ഉചിതമല്ല. അവശേഷിക്കുന്ന തുകകൾ അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃ വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതക

| | |
|---|---|
| പ്രോജക്ട് നം. | 23/19 |
| അടങ്കൽ | 3,60,000/-രൂപ (വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | 2,60,991 രൂപ (വികസനഫണ്ട് (എസ്.സി.പി)<br>(ബിൽ നം - 4/24.01.19) |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് , ഗവ.എൽ.പി സ്കൂൾ |

പ്രസ്തുത പ്രോജക്ടിലൂടെ 9 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. പ്രോജക്ട് നിർവഹണത്തിൽ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ പ്രോജക്ടുകളിൽ ഭവനനിർമ്മാണം ബാക്കിയെല്ലാ പ്രോജക്ടുകളും നിർവഹണം നടത്തേണ്ടത് അസിസ്റ്റന്റ് സെക്രട്ടറിയാണ്. എന്നാൽ പട്ടിക വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പ്രസ്തുത പ്രോജക്ടിന്റെ നിർവഹണ ചുമതല ഹെഡ്മിസ്ട്രസ്സിനാ പ്രൈമറി തലം വരെയുള്ള വിദ്യാഭ്യാസ പ്രോജക്ടുകളുടെ നിർവഹണചുമതലയാണ് ഹെഡ്മിസ്ട്രസ്സിനുള്ളത്.

2. ലാപ്ടോപ്പ് വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടിക്രമങ്ങളിൽ 5 സ്ഥാപനങ്ങൾ പങ്കെടുത്തു. ആവ്‌ലോൺ സിസ്റ്റ സർവീസസ് കോട്ടയം എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത്. (brand -ACER തുക – 27400 രൂപ) പ്ര പ്രസ്തുത ടെണ്ടർ (ACER) സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ലെന്നും , ആവ്‌ലോൺ സിസ്റ്റംസ് & സർവീസസ് തന്നെ ക്വാട്ട് സ്പെസിഫിക്കേഷൻ പാലിച്ചിട്ടുള്ള (brand - HP ) ഉയർന്ന നിരക്ക് ( തുക – 28999 രൂപ ) പ്രൊക്യൂർമെന്റ് മാനേജ്മെൻറ് അംഗീകരിച്ച നൽകണമെന്നും നിർവഹണോദ്യോഗസ്ഥ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് മാനേജ്മെൻറ് മിനിട്ട്സിൽ തുടർനടപടി വിവരങ്ങളൊന്നും ചേർത്തിട്ടില്ല. ഉയർന്ന നിരക്കിലുള്ള തുകയ്ക്കാണ് ( തുക –28999 രൂപ ) ലാപ വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള പ്രൊക്യൂർമെന്റ് മാനേജ്മെൻറ് കമ്മിറ്റി/പഞ്ചായത്ത് കമ്മിറ്റി സ്വീകരിച്ച നടപ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19) മറുപടി ലഭ്യ വിശദാംശങ്ങളുടെ അഭാവത്തിൽ 2,60,991/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഉപകരണങ്ങളുടെ വിതരണ വിവരം ലഭ്യമായില്ല

ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി സ്കൂൾ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വ സാധനസാമഗ്രികളുടെ വിതരണ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

| പ്രോജക്ട് | ഇനം |
|---|---|
| 24/19 പ്രീപ്രൈമറി സ്കൂളുകൾക്ക് ബെഡ് വാങ്ങൽ | വാങ്ങിയ 15 ബെഡുകളുടെ സ്റ്റോക്ക് എൻട്രി /വിതരണ വിവരം ചേർത്ത |
| 41/19 യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ് | ലഭ്യമായ സ്പോർട്സ് ഉപകരണങ്ങളുടെ എണ്ണം രജിസ്റ്ററിൽ ചേർത്തിട്ടി |

സ്റ്റോക്ക് രജിസ്റ്റർ പൂർത്തീകരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വ (നം.18/19) മറുപടി ലഭ്യമായില്ല. ഉപകരണങ്ങളുടെ സ്റ്റോക്ക് എൻട്രി / വിതരണവിവരം പൂർത്തീകരിച്ച് ലഭ്യമാക്കേണ്ടതാണ്.

## 3-13 പശുവളർത്തൽ (പട്ടിക വർഗ വിഭാഗം)- രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 203/19<br>പശുവളർത്തൽ (പട്ടിക വർഗ വിഭാഗം) |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 50000/-(ടി .എസ്സ്,പി) |
| ചെലവ് | 50000/- |

മേൽ തുക ഗുണഭോക്താവിനു പശുവിനെ നല്കിയ ജോസ് സൈമൺ, കൊശപ്പള്ളിൽ, കിടങ്ങൂർ എന്ന ആളുടെ ബ അക്കൗണ്ടിൽ നല്കിയിട്ടുണ്ട്. പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താവായ ജയിംസ് പി.വി., പഴക്കാത്തറയ കുമ്മണ്ണൂർ-ന്റെ അപേക്ഷ, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ, എന്നിവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം-19/3-7-19 നല്കി. ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി പ്രകാരം ടി ഗുണഭോക്ത പഞ്ചായത്തിന്റെ നാലാംവാർഡിൽ താമസിച്ചുവന്നിരുന്ന ആളാണ്. സ്വന്തമായി സ്ഥലമോ, വീടോ ഇല്ല. ഇവർക്ക് യാതൊ വിധ ആനുകൂല്യങ്ങളും നല്കാൻ കഴിഞ്ഞിരുന്നില്ല. സാമ്പത്തികവർഷാവസാനമാണ് പ്രോജക്ട് തയ്യാറാക്കി അംഗീകരി എന്നതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയില്ല. അടുത്ത ഗ്രാമസഭയിൽ വെച്ച് അംഗീകാരം നല്കുന്നതാണെ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അംഗീകാരം ലഭ്യമാക്കി തട ഒഴിവാക്കേണ്ടതാണ്.

## 3-14 കന്നുകുട്ടി പരിപാലനം-വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 126/19 |

| | |
|---|---|
| | കന്നുകുട്ടി പരിപാലനം |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 2250000/- |
| ചെലവ് | 875000/- (വികസനഫണ്ട്-ജനറൽ) |

മേൽ പ്രോജക്ട് പ്രകാരം 90 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനായി 8,75,000/- രൂപ അസ്സി.ഡ കാഫ്ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസർക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല. ഉ വിനിയോഗ വിവരം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.19/3-7-1 പ്രോജക്ട് നിർവ്വഹണം നടന്നുകൊണ്ടിരിക്കുകയാണെന്നും വിനിയോഗ വിവരം ലഭിച്ചിട്ടില്ലായെന്നും നിർവ്വഹണഉദ്യോ അറിയിച്ചിട്ടുണ്ട്. 875000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ പൂർത്തീകരണ കാലയളവിനു വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 40,5 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 33,69,016/- രൂപയുമാണ് ലഭിച്ചിട്ടുള്ളത്. ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | പാലിയേറ്റീവ് കെയർ (31/19) | 100,000/- | 28.06.2018 | 98751/- | 1249/- |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (15/19) | 71875/- | 29.09.2018 | 71875/- | 0/- |
| | ഗ്യാസ് ക്രിമറ്റോറിയം (114/19) | 20,00,000/- | 07.07.2018 | 0/- | 20,00,000/- |
| | ലൈഫ് ഭവനപദ്ധതി ജനറൽ(/19) | 1054412/- | 18.07.2018 | 1054412/- | 0/- |
| | ലൈഫ് ഭവനപദ്ധതി | 25700/- | 26.03.2019 | 0/- | 25700 |
| | സമഗ്രനെൽകൃഷിവികസനം(12/19) | 2,00,000/- | 26.12.2018 | 2,00,000/- | 0/- |
| | ചെട്ടിയാപറമ്പിൽപ്പടി റോഡ് കോൺക്രീറ്റിങ്ങ് (129/19) | 3,00,000 | 30.10.2018 | 0/- | 3,00,000 |
| | ചിറപ്പുറം അമ്പലം റോഡ് സൈഡ് സംരക്ഷണഭിത്തി ഫേസ് 2(187/19) | 3,00,000 | 19.11.2018 | 0/- | 3,00,000 |
| കോട്ടയം ജില്ല പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(15/19) | 3,00,000/- | 20.03.2019 | 3,00,000/- | 0/- |
| | ഗ്യാസ് ക്രിമറ്റോറിയം(68/19) | 20,00,000/- | 20.01.2019 | 0/- | 20,00,000/- |
| | ലൈഫ് ഭവനപദ്ധതി ജനറൽ(/19) | 469016/- | 22.09.2018 | 469016/- | 0/- |
| | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി(/19) | 4,00,000/- | 22.09.2018 | 0/- | 4,00,000/- |
| | പ്രയോറിറ്റി ഇൻസെന്റീവ് | 2,00,000/- | 20.03.2019 | 2,00,000/- | 0/- |
| കടപ്ലാമറ്റം ഗ്രാമ പഞ്ചായത്ത് | ഗ്യാസ് ക്രിമറ്റോറിയം(70/19) | 3,00,000/- | 30.07.2018 | 0/- | 3,00,000/- |

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചാ സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് നിലവിലുണ്ട്. ന പ്രോജക്ടിനായി പഞ്ചായത്ത് ഫണ്ടിലെ 31.03.2019 ലെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ടിലെ നീക്കിയിരി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി., കേരള വാട്ടർ അ എന്നിവയിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻ |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 8/19 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയ്ൻ നീട്ടൽ | 819401/- | 31-12-18 | ഇല്ല | 819401, |
| കേരള വാട്ടർ അതോറിറ്റി | 191/19 | വാതകാട്ട് – ടി മാവേലിറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 58000 | 23-02-19 | ഇല്ല | 58000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതി തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

2018-19 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ 1578571/- രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വരവ് വന്നിട്ടുണ്ട എടുത്തതിന്റെയും തിരിച്ചടവിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ അക്കൗണ്ട് നം./ബാങ്ക് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻ |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(എം.എസ്) 823/10/lsgd 11.3.10 | 0144400 000001 കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്ക് | 8,690,000/- | 740,592/- | 740,592/- | 0/- |
| ലൈഫ് ഭവനപദ്ധതി | ജി.ഒ(എം.എസ് നം-68/18 എൽ.എസ്സ്.ജി.ഡി,തീയതി 18/05/18 | കെയുആർഡിഎഫ്സി | 1578571(പഞ്ചായത്തിന് ലഭിച്ച തുക | 1578571/- | 0/- | 1578571 |

സെക്രട്ടറി നടപ്പാക്കിയ 4/19 നം. പ്രോജക്ട് മുഖേന ഇഎംഎസ് ഭവനപദ്ധതിയുടെ വായ്പ മുഴുവനും തി നടത്തിയിട്ടുള്ളതാണ്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2019-ലെ ബാലൻസ് ഷീറ്റ് പ്രക സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,98,183/- |
| തൻവർഷം നിക്ഷേപിച്ച തുക | 14434/-(പലിശ) |
| ആകെ | 612617/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 612617/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നമ്പർ 4675401000085/3തീയതി 10.6.15, കാനറാ ബാങ്ക്, കിടങ്ങൂർ | 612617/- |

# 4-6 ഓഡിറ്റ് റിക്കവറി

2018-19 റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖ നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തെ കണക സംക്ഷിപ്തവും തയ്യാറാക്കേണ്ടതാണ്.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകള വിശദാംശം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 5-3-6(1) | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല. | ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുവാനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. |

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട മേൽപറഞ്ഞ ഓഡിറ്റ് ഖണ്ഡികയിലെ വിഷയം നിയമസഭാസമിതി നാള് പരിഗണിച്ചിട്ടില്ല.

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്/സ നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 74693759.98/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48415673/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54261 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3404654 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| | | | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 3-4 | | 21117 | ശ്രീമതി.ദീപ കൃഷ്ണൻ കുട്ടി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 12572 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 20572 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | | **54261** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 877401 | ശ്രീ. രാജീവ് എസ്., സെക്രട്ടറി |
| 3-4 | 754921 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 586341 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 260991 | ശ്രീമതി ലീലാമ്മ ജോസഫ്, ഹെഡ് മിസ്ട്രസ് |
| 3-13 | 50000 | ഡോ.കെ.എം.വിജിമോൾ, വെറ്ററിനറി സർജൻ |
| 3-14 | 875000 | ഡോ.കെ.എം.വിജിമോൾ, വെറ്ററിനറി സർജൻ |
| **ആകെ** | **3404654** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം –**

1) ഖ നം -3-1 ജിഎസ് ടി ഇനത്തിലെ തുക-CGST=60322.5, SGST=60322.5

2)ഖ നം -3-6 ജിഎസ് ടി ഇനത്തിലെ തുക-CGST=5863, SGST=5863

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ കൃഷ്ണൻകുട്ടി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മണർകാട് ഗ്രാമപഞ്ചായത്ത് | വെള്ളപ്പള്ളിയിൽ സൗത്ത് പാമ്പാടി പി.ഒ. കോട്ടയം – 686521 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.12.2018 തീയതി തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറ അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(2)/18 /20.02.2018 | 1 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(3)/18 /20.02.2018 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(4)/18 /20.02.2018 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(5)/18 /20.02.2018 | 4 |
| | | |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(6)/18 /20.02.2018 | 3 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(7)/18 /20.02.2018 | 2 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി12/1943/16/ 30.03.2017 | 7 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/619/16/ 19.08.2016/23.08.2016 | 2 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/693/16/ 03.06.2016/14.06.2016 | 26 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13-1508/16/ 03.05.2017 | 15 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13-1461/17/ 23.01.2018 | 9 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി.13/195/17/14.02.19 | 16 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡ**
**കേരള സംസ്ഥാന ഓഡിറ്റ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി13-1018/2019** **കേരള സംസ്ഥാന ഓ**

**വകുപ്പ്**

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ: 048125

ഇ-മെയിൽ: doktm.ksad@keral

**തീയതി: 24.**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ( ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **ക ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ക ഗ്രാമപഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീ( അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡ**
**കേരള സംസ്ഥാന ഓഡിറ്റ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം-**